LIBRARY ARCHIVES Kerala Legislative Assembly

പ്രാഥമിക സഹകരണ സംഘങ്ങൾക്കുള്ള സഹായം

86 (2324) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാഥമിക സഹകരണ സംഘങ്ങളെ പുഷ്ടിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമായ വ്യവസ്ഥകളും, വായ്പാ മേഖലയെയും ത്രിതല വായ്പാ സംവിധാനത്തെയും ദുർബലപ്പെടുത്തുന്ന വ്യവസ്ഥകളും നിയമാവലിയിൽ ഉൾപ്പെടുത്തുന്നതും ഇതിനുവേണ്ടി നിയമാവലികൾ ഭേദഗതികൾ ചെയ്യുന്നതും ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(സി) നിക്ഷേപകരുടെ താല്പര്യങ്ങൾ സംരക്ഷിച്ച് പ്രാഥമിക സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് പുതിയ നിർദ്ദേശങ്ങൾ നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ദുർബലമായ പ്രാഥമിക സഹകരണ സംഘങ്ങളെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കൂടുതൽ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനമായി തുക നൽകാനും ഓഫീസ് കെട്ടിട വിപുലീകരണം, ആധുനികവത്കരണം, നവീകരണം, സ്ട്രോംഗ് റൂം, ക്യാഷ് കൗണ്ടർ, ലോക്കർ സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിനും ഗോഡൗണുകൾ നിർമ്മിക്കുന്നതിനും മറ്റ് സാമൂഹ്യ ആരോഗ്യ സേവനരംഗത്തെ ഇടപെടലുകൾക്കുമായി എൻ.സി.ഡി.സി.-യിൽ നിന്നും കൂടുതൽ ധനസഹായം ലഭ്യമാക്കി സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജിതപ്പെടുത്താൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ കമ്പ്യൂട്ടർവത്കരണം, കോർ ബാങ്കിംഗ്, എ.ടി.എം. സംവിധാനം, സാങ്കേതിക നവീകരണം തുടങ്ങിയ ആധുനികവത്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിനും മാതൃകാ പദ്ധതികൾ നടപ്പിലാക്കുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പ്രോത്സാഹനത്തിനായി ധനസഹായം നൽകിയും സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിക്ഷേപ രംഗത്തെ ഉണർവ് സ്ഥായിയായി നിലനിർത്തുന്നതിനും കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെ നിക്ഷേപത്തിന് സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനുമായി എല്ലാ സഹകരണ സംഘങ്ങളേയും കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീമിൽ ഉൾപ്പെടുത്തുന്നതിനും കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കിയും ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ തീർപ്പാക്കി സംഘങ്ങളുടെ കുടിശ്ശിക കുറയ്ക്കുന്നതിനുള്ള നടപടികളും നടപ്പിലാക്കുന്നതോടൊപ്പം സാമൂഹികക്ഷേമ പദ്ധതികൾ ഏറ്റെടുത്ത് ജനങ്ങളെ സംഘങ്ങളുടെ പ്രവർത്തനത്തിൽ അടുപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) അപൂർവ്വം ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം അപാകതകൾ പരിഹരിക്കുന്നതിന് ജില്ലാ ജനറൽ ജോയിന്റ് രജിസ്ട്രാർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രാഥമിക സഹകരണ സംഘങ്ങളിലെ നിക്ഷേപത്തിന് സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി നിക്ഷേപ ഗ്യാരന്റി സ്കീം നടപ്പിലാക്കിവരുന്നുണ്ട്. നിക്ഷേപകരുടെ താത്പര്യം പൂർണ്ണമായും സംരക്ഷിച്ച് പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തിരുവേണി സൂപ്പർ മാർക്കറ്റുകളുടെ നഷ്ടം

87 (2325) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർ ഫെഡിൽ നിലവിൽ എത്ര തിരുവേണി സൂപ്പർ മാർക്കറ്റുകളാണ് ഉള്ളത് ;

(ബി) ഓരോ തിരുവേണി സൂപ്പർ മാർക്കറ്റുകളിലും വില്പനയുന്നുസൃതമായിട്ടാണോ ജീവനക്കാരെ നിയമിച്ചിട്ടുള്ളത് ;

(സി) ഇത്തരത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് വേതനം നൽകുന്നതു വഴി ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത കൺസ്യൂമർ ഫെഡ് ഏതുവഴിക്കാണ് പരിഹരിക്കുന്നത് ;

(ഡി) നിലവിലുള്ള തിരുവേണി സൂപ്പർ മാർക്കറ്റുകളിൽ ലാഭകരമായത് എത്ര; നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എത്ര;

(ഇ) നഷ്ടത്തിന്റെയും ലാഭത്തിന്റെയും കണക്കുകൾ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കൺസ്യൂമർഫെഡിൽ നിലവിൽ 248 തിരുവേണി സൂപ്പർമാർക്കറ്റുകളാണ് ഉള്ളത്.

(ബി) ഓരോ തിരുവേണി സൂപ്പർമാർക്കറ്റുകളിലും കാലാകാലങ്ങളിൽ അവയുടെ വില്പനയുന്നുസൃതമായിട്ടാണ് ജീവനക്കാരെ നിയമിക്കുന്നത്.

(സി) ഇത്തരത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് വേതനം നൽകുന്നതുവഴി ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത പരിഹരിക്കുന്നതിനായി വിവിധ പുനരുദ്ധാരണ പദ്ധതികളും പ്രവർത്തനങ്ങളും ആവിഷ്കരിച്ച് നടപ്പാക്കുവാൻ കൺസ്യൂമർഫെഡ് ലക്ഷ്യമിട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly